കേരളത്തിനു വെളിയിൽനിന്നും വാങ്ങിയിട്ടുള്ള അരി.

* 1680. [13] ശ്രീ. ടി. രാ. ബാവാ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1959 ജനുവരിമാസം മുതൽ ഏപ്രിൽ 30-ാംതീയതിവരെ കേരള ഗവണ്മെൻറു് എത്ര ടൺ അരി കേരളത്തിനു വെളിയിൽനിന്നും വാങ്ങിയിട്ടുണ്ടു്;

(ബി) ഈ അരി ആരുമുഖേന എന്തെല്ലാം വിലയ്ക്കു വാങ്ങി;

(സി) 1959 ജനുവരി മുതൽ ഏപ്രിൽ 30-ാംതീയതിവരെ കേന്ദ്രഗവണ്മെൻറു് കേരളത്തിനു് അരി നൽകുകയുണ്ടായോ;

(ഡി) നൽകിയെങ്കിൽ എത്ര ടൺ; എന്തു വിലയ്ക്കു്?

ഭക്ഷ്യവും വനവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജാർജ്ജു്):

(എ) 1959 ജനുവരിമാസം മുതൽ ഏപ്രിൽ 30-ാംതീയതിവരെ കേരളത്തിനു വെളിയിൽനിന്നും 24100 ടൺ അരി വാങ്ങി.

(ബി) 15000 ടൺ അരി ആന്ധ്രാപ്രദേശു് റൈസ് മില്ലേഴ്സ് അസോസിയേഷൻ മുഖാന്തിരവും 10000 ടൺ മദ്രാസിലെ ശ്രീരാമലു പി. സൂര്യനാരായണ ആൻറു കമ്പനി മുഖാന്തിരവുമാണു് വാങ്ങാൻ ഏർപ്പാടു ചെയ്തിട്ടുള്ളതു്.

രണ്ടുമണ്ണു് തൂക്കം അരിയുള്ള ചാക്കൊന്നിനു് ചാക്കുവിലയുൾപ്പെടെ 34 രൂ 34 ന. പ. വിലയായിട്ടാണു് ഈ അരി വാങ്ങിയിട്ടുള്ളതു്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. രാ. ബാവാ: മദ്രാസു് കമ്പനി സപ്ലൈ ചെയ്തതും ആന്ധ്രാ റൈസ് മില്ലേഴ്സ് അസോസിയേഷൻ സപ്ലൈ ചെയ്തതുമായ അരിക്കു തമ്മിൽ വല്ല വ്യത്യാസവുമുണ്ടോ?

ശ്രീ. കെ. സി. ജാർജ്ജു്: ഇല്ല.

എൻ. ഇ. എസ്. ബ്ലോക്കുകളുടെയും താലൂക്കുകളുടെയും അതിർത്തികൾ.

* 1681. [14] ശ്രീ. ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. ഇ. എസ്. ബ്ലോക്കുകളുടെയും താലൂക്കുകളുടെയും അതിർത്തികൾ ഏകീകരിച്ചുകൊണ്ടുള്ള ഡി. ഡി. സി. കളുടെ നിർദ്ദേശങ്ങൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ചുള്ള അവസാനതീരുമാനം എന്നത്തേക്കുണ്ടാകും എന്നു പ്രതീക്ഷിക്കാം;

(സി) പുതിയ ബ്ലോക്കുകളുടെ പ്രവർത്തനം മേൽപറഞ്ഞ വിഭജനത്തിനുശേഷമേ ഉണ്ടാകൂ എന്നനുമാനിക്കുന്നതു ശരിയായിരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടു്):

(എ) താലൂക്കുകളെയും ബ്ലോക്കുകളെയും പുനഃസംഘടിപ്പിക്കുന്നതിനെപ്പറ്റി ഡി. ഡി. സി. കളുടെ അഭിപ്രായങ്ങൾ ആരായുന്നതിനു് അതാതു ഡിസ്ട്രിക്ടുകളിലെ കളക്ടറന്മാർക്കു് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടു്. ഇതു സംബന്ധിച്ചു് കളക്ടറന്മാരുടെ റിപ്പോർട്ടുകൾ കിട്ടിക്കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഖി) കളക്ടറന്മാരുടെ റിപ്പോർട്ടുകൾ കിട്ടി അധികം താമസിയാതെ തീരുമാനം എടുക്കുന്നതാണ്.

(സി) അല്ല. 1959 ഏപ്രിൽ മാസത്തിൽ പുതുതായി അനുവദിച്ച ബ്ലോക്കുകളുടെ പ്രവർത്തനം 1-4-1959 മുതൽ തന്നെ തുടങ്ങിയിരിക്കയാണ്.

ശ്രീ. ജി. കാർത്തികേയൻ: പുതിയ ഡിലിമിറ്റേഷൻ അനുസരിച്ചുള്ള ബ്ലോക്കുകളുടെ പ്രവർത്തനം ഈ സാമ്പത്തികവർഷത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: അതു ഡിലിമിറ്റേഷൻ കഴിയാൻ എത്ര താമസം വരുമെന്നുള്ളതു് അനുസരിച്ചിരിക്കും.

ശ്രീ. ഇ. പി. ഗോപാലൻ: ബ്ലോക്ക്-കം-താലൂക്കുകൾ ഡിലിമിറ്റ് ചെയ്യുന്നതിനു പൊതുവിൽ അംഗീകരിക്കേണ്ട തത്വങ്ങളെ സംബന്ധിച്ചു് വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: കൊടുത്തിട്ടില്ല. ഇതിനുമുമ്പു് ഞാൻ വ്യക്തമാക്കിയതുപോലെ ഏതാണ്ടു് ബ്ലോക്ക്-കം-താലൂക്കുകളുടെ എണ്ണം ഇതുതന്നെയായിരിക്കുമെന്ന നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

ശ്രീ. എം. ഏ. ആൻറണി: ഇതു സംബന്ധിച്ചു് അവസാനതീരുമാനം ചെയ്യുന്നതിനുമുമ്പായി അതാതു സ്ഥലത്തെ ജനപ്രതിനിധികളുമായി ആലോചിക്കുമോ?

ശ്രീ ഇ. എം എസ്. നമ്പൂതിരിപ്പാട്: ഡിസ്ട്രിക്ട് ഡവലപ്പ്മെൻറ് കൗൺസിൽ മെമ്പറന്മാരുടെ അഭിപ്രായം ആരായുന്നുണ്ടു്.

ശ്രീ. എം. ഏ. ആൻറണി: എം. എൽ. ഏ-മാരെല്ലാം ഡവലപ്പ്മെൻറ് കൗൺസിലിൽപെടുന്നില്ല. അതുകൊണ്ടു് അതാതു സ്ഥലത്തുള്ള എം. എൽ. ഏ മാരോടുകൂടി ആലോചിക്കുമോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: ഡിസ്ട്രിക്ട് ഡവലപ്പ്മെൻറ് കൗൺസിൽ ഒരുമാതിരി റിപ്രസൻറേറ്റീവ് ആണെന്നാണു് ഗവൺമെൻറിൻറെ അഭിപ്രായം. അതിനപ്പുറമേ വേണമെങ്കിൽ ഏതു എം. എൽ. ഏ-ക്കും ഇപ്പോൾതന്നെ അവരുടെ അഭിപ്രായം അറിയിക്കാവുന്നതാണു്.

ശ്രീ. എം. ഏ. ആൻറണി: ഡിസ്ട്രിക്ട് ഡവലപ്പ്മെൻറ് കൗൺസിൽ എങ്ങനെയാണു് പ്രവർത്തിക്കുന്നതെന്നറിയാതെ ഇപ്പോൾ എങ്ങനെ അഭിപ്രായം അറിയിക്കാൻ കഴിയും?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: എം. എൽ. ഏ. മാർക്കു് സ്വന്തം ഡിസ്ട്രിക്ടിലെ സ്ഥിതിഗതികൾ അറിയാമെന്നാണു് ഞാൻ വിചാരിക്കുന്നതു്. ആ സ്ഥിതിക്കു് ഡിസ്ട്രിക്ട് ഡവലപ്പ്മെൻറ് കൗൺസിൽ എന്തഭിപ്രായം പറയുന്നു എന്നു നോക്കാതെ ഇപ്പോൾതന്നെ അവർക്കു് അഭിപ്രായം പറയാവുന്നതാണു്.

ശ്രീ. ഇ. പി. പൗലോസ്: ഈക്കാര്യം ചർച്ച ചെയ്യുമ്പോൾ അതാതു ഡിസ്ട്രിക്ടിലുള്ള എം. എൽ. ഏ. മാരെ ക്ഷണിക്കുന്നതിനു് നിർദ്ദേശം കൊടുത്തിട്ടുണ്ടോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: ഇല്ല.

ശ്രീ. ഇ. പി. പൗലോസ്: അങ്ങനെ നിർദ്ദേശം കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ്: ഡിസ്ട്രിക്ട് കൗൺസിലിലെ ഗ്രൂപ്പാർശകരും ഗവണ്മെന്റും പ്രസിദ്ധപ്പെടുത്തുമോ? അങ്ങനെ എം. എൽ. എ. മാർക്ക് അഭിപ്രായം സമർപ്പിക്കാനുള്ള അവസരം കൊടുക്കുമോ?

ശ്രീ. ഇ.എം. എസ്. നമ്പൂതിരിപ്പാട്: അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. കെ. എം. ജോർജ്ജ്: ഡി. ഡി. സി യുടെ നിർദ്ദേശം കിട്ടിയാൽ ഡി. ഡി. സി. അംഗങ്ങളല്ലാത്ത എം. എൽ. എ. മാർക്ക് അതിന്റെ കാപ്പി അയച്ചു കൊടുക്കുമോ?

ശ്രീ. ഇ.എം. എസ്. നമ്പൂതിരിപ്പാട്: അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. ഇ. പി. പൗലോസ്: നിലവിലിരിക്കുന്ന ബ്ലോക്കുകളുടെ പ്രവർത്തനത്തിന് തടസ്സം വരാത്തനിലയിൽ അതിന്റെ ടെറിറ്റോറിയൽ ഇന്റഗ്രിറ്റി നഷ്ടപ്പെടുത്താതിരിക്കാൻ നിർദ്ദേശം കൊടുക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. ഇ.എം. എസ്. നമ്പൂതിരിപ്പാട്: അങ്ങനെ ഇന്ന വിധത്തിൽ ചെയ്യണമെന്ന നിർദ്ദേശം കൊടുക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നില്ല.

ശ്രീ. എ. എം. കല്യാണകൃഷ്ണൻ നായർ: ഏതെങ്കിലും ഡി. ഡി. സി. യുടെ നിർദ്ദേശം കിട്ടിയിട്ടുണ്ടോ?

ശ്രീ. ഇ.എം. എസ്. നമ്പൂതിരിപ്പാട്: ഇല്ല.

ശ്രീമതി കുസുമം ജോസഫ്: ഇതുവരെ ബ്ലോക്കിൽപ്പെടാത്ത സ്ഥലങ്ങൾ അടുത്ത ബ്ലോക്കുകളോട് ചേർക്കുമ്പോൾ ആ സ്ഥലങ്ങൾ സന്ദർശിക്കുമെന്ന് ഗവണ്മെന്റിന് അഭിപ്രായമില്ലേ?

ശ്രീ. ഇ.എം. എസ്. നമ്പൂതിരിപ്പാട്: അതിനു പരിഹാരം കാണണമെങ്കിൽ എങ്ങനെയെന്ന് ആലോചിക്കാവുന്നതാണ്.

## കുളത്തൂമ്മൽ വില്ലേജ്.

* 1682 [16] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സമയം മറുപടിനൽകുമോ:

(എ) നെയ്യാറ്റിൻകര താലൂക്കിൽ കുളത്തൂമ്മൽ വില്ലേജ് ഒഴികെയുള്ള മറ്റെല്ലാ വില്ലേജുകളും നെയ്യാറ്റിൻകര താലൂക്കിലെ ഏതെങ്കിലും എൻ. ഇ. എസ്. ബ്ലോക്കിൽ ഉൾപ്പെടുത്തണമെന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കുളത്തൂമ്മൽ വില്ലേജും ഏതെങ്കിലും ഒരു എൻ. ഇ. എസ്. ബ്ലോക്കിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനു നടപടി കൈക്കൊള്ളാൻ സന്നദ്ധരാകുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.എം. എസ്. നമ്പൂതിരിപ്പാട്):

(എ) ഉണ്ട്.

(ബി) അതിനെപ്പറ്റി നടപടികൾ എടുത്തുവരുന്നുണ്ട്.

ശ്രീ. പൊന്നറ ജി. ശ്രീധർ: കുളത്തൂമ്മൽ വില്ലേജ് വെള്ളനാട് ബ്ലോക്കിൽ ഉൾപ്പെടുന്നതായി ?

LIBRARY ARCHIVES Kerala Legislative Assembly